LIBRARY ARCHIVES Kerala Legislative Assembly

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിയന്ത്രിക്കുന്നതിനുള്ള നിയമ നിർമ്മാണം

244 (T3878) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം സംബന്ധിച്ച് പൊതുജനങ്ങളുമായി ചർച്ച ചെയ്യുന്നതിന് യോഗം വിളിച്ചു ചേർക്കാൻ തയ്യാറാകുമോ എന്നറിയിക്കുമോ ?

ഉത്തരം

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിയന്ത്രിക്കുന്നതിനുള്ള നിയമത്തിന്റെ കരട് ബില്ല് സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. പൊതുജനങ്ങളുമായി ഇക്കാര്യം ചർച്ച ചെയ്യുന്നത് ബോദ്ധ്യപ്പെടുന്നപക്ഷം അതിനായി യോഗം വിളിച്ച് ചേർക്കുന്നതാണ്.

തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ ദൃശ്യ-പത്ര മാധ്യമങ്ങളിൽ വരുന്നതിന് നടപടി

245 (3879)ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്രീയമായി തെളിയിക്കപ്പെടാത്ത ചില വസ്തുക്കളുടെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ ദൃശ്യ-പത്ര മാധ്യമങ്ങളിൽ പതിവായി കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിന് 1954 -ലെ ഡ്രഗ്സ് ആന്റ് മാജിക്കൽ റെമഡീസ് (ഒബ്ജക്ഷണൽ അഡ്വർടൈസ്മെന്റ്) ആക്ട് പ്രകാരം കേസ്സെടുക്കുന്നതിന് പോലീസിന് നിർദ്ദേശം നൽകുമോ ; വ്യക്തമാക്കുമോ ;

(സി) ഈ ആവശ്യമുന്നയിച്ചു കൊണ്ടുള്ള പരാതി 30-8-2008-ന് Ref.No. 10129/എം (എച്ച്.വി &റ്റി.) (ഡി) 2008 നമ്പരായി ഡി.ജി.പി.യ്ക്ക് ലഭിച്ചിരുന്നോ ;

(ഡി) ഉണ്ടെങ്കിൽ ആരാണ് പരാതി നൽകിയതെന്നും ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.
164/2018

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരാതികൾ വരുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി&ഡി) പരാതി സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ചിട്ടില്ല എന്നതിനാൽ നടപടി സ്വീകരിച്ചിട്ടില്ല.

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ

246 (3880) ശ്രീ. പി. കെ. ഉണ്ണിദാസൻ :

ശ്രീമതി കെ. കെ. ലതിക :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പണത്തിന്റെയും മറ്റു പല സ്വാധീനങ്ങളുടെയും പ്രലോഭനങ്ങളുടെയും ഫലമായി കുറ്റകൃത്യം ചെയ്തവർക്കെതിരെയുള്ള കേസുകൾ പെറ്റിക്കേസുകളായി മാറിപ്പോകുന്ന അവസ്ഥയുള്ളതായി അറിയാമോ ;

(സി) സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവർ ശിക്ഷിക്കപ്പെടാതെ പോയിട്ടുള്ളതായി അറിയാമോ ;

(ഡി) സംസ്ഥാനത്ത് ഒരു ദിവസം ശരാശരി എത്ര സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നതായി കണക്കാക്കുന്നു ; ഈ സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുണ്ടായ കുറ്റകൃത്യങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ കണക്കുകൾ ലഭ്യമാണോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇല്ല.

(ഡി) കണക്കാക്കിയിട്ടില്ല. സ്ത്രീകൾക്ക് എതിരായുണ്ടായ കുറ്റകൃത്യങ്ങൾക്ക് 47256 കേസുകളും കുട്ടികൾക്ക് എതിരായുണ്ടായ കുറ്റകൃത്യങ്ങൾക്ക് 5143 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly